# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2358** 07.02.2019-ൽ മറുപടിയ്ക്ക്

**പ്രവാസി ചിട്ടി മെസ്സേജുകൾ**

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രവാസി ചിട്ടി തുടങ്ങുന്നതിന് ആവശ്യമായ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് ഇത് നടത്തിയത്; | (എ)<br>&<br>(ബി) | 2017 ലെ ബജറ്റ് പ്രസംഗത്തിൽ കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി തുടങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് 24.01.2018 ലെ സ.ഉ.(എം.എസ്) നം.6/2018/നി.വ. പ്രകാരം പ്രവാസി ചിട്ടി തുടങ്ങുന്നതിന് കെ.എസ്.എഫ്.ഇയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കേരളത്തിന്റെ പശ്ചാത്തല വികസനത്തിനായി രൂപവൽക്കരിച്ച കിഫ്ബിയുമായി ചേർന്നാണ് പ്രവാസി ചിട്ടികൾ നടപ്പിലാക്കുന്നത്. പ്രവാസിച്ചിട്ടിയുടെ കോർസോഫ്റ്റ് വെയർ നിർമ്മിച്ചിരിക്കുന്നത് NIC ആണ്. നെറ്റ് വർക്ക്, സെർവർസിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിനുള്ള കരാർ C-Dit നാണ് നൽകിയിരിക്കുന്നത്. കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയുടെ പ്രചാരണത്തിന്റെ ഭാഗമായി വിവിധ മാർഗ്ഗങ്ങളിൽ കൂടി ശേഖരിച്ച പ്രവാസി മലയാളികളുടെ ഫോൺ നമ്പറുകളിലേക്ക് സന്ദേശങ്ങൾ അയയ്ക്കുന്നതിനുള്ള പ്രവൃത്തിയിൽ സാങ്കേതിക സഹായം നൽകുന്നതിനു സിഡിറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. അതനുസരിച്ച് സിഡിറ്റിന്, സംസ്ഥാന ഐ.ടി. മിഷൻ എസ്.എം.എസ് സേവന ദാതാവായി അംഗീകരിച്ചിട്ടുള്ള ഏജൻസിയായ വാല്യൂ ഫസ്റ്റ് ഡിജിറ്റൽ മീഡിയ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ബന്ധപ്പെടുകയും KSFE യുടെ പേരിൽ തന്നെ അക്കൗണ്ട് ആരംഭിച്ച്, ഏജൻസി മുഖേന ആവശ്യമുള്ള ഫോൺ നമ്പരുകളിലേക്ക് സന്ദേശങ്ങൾ അയയ്ക്കുന്ന ജോലി ഏകോപിപ്പിക്കുകയും ചെയ്തു വരുന്നു. എല്ലാ ഗൾഫ് രാജ്യങ്ങളിലെയും (GCC) |
| (ബി) | പ്രവാസി ചിട്ടിയിൽ ചേരുന്ന ഓരോ രാജ്യത്തെയും ഇടപാടുകാർക്ക് മെസ്സേജുകൾ അയയ്ക്കുന്നതിന് അതാത് രാജ്യങ്ങളിലെ സർവ്വീസ് പ്രൊവൈഡർമാരുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ; ഇത്തരത്തിൽ മെസ്സേജുകൾ കിട്ടാതെയിരിക്കുന്ന രാജ്യങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; | | |

<table>
<tr><td></td><td></td><td></td><td>ആൾക്കാർക്ക് ഈ രീതിയിൽ സന്ദേശം അയയ്ക്കുന്നുണ്ട്.</td></tr>
<tr><td>(സി)</td><td>പ്രവാസി ചിട്ടിയിൽ ചേരുന്ന ഇടപാടുകാർക്ക് നെറ്റ് ബാങ്കിംഗ് വഴി പണമടക്കാൻ ശ്രമിക്കുമ്പോൾ പരാജയപ്പെടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഈ പ്രശ്നം പരിഹരിക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കുമോ;</td><td>(സി)</td><td>ചുരുക്കം ചില ഇടപാടുകാർ നെറ്റ് ബാങ്കിംഗ് വഴി ചില സമയങ്ങളിൽ പണമടയ്ക്കാൻ ബുദ്ധിമുട്ട് നേരിടുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ട്. ഇക്കാര്യം നെറ്റ് ബാങ്കിംഗ് സൗകര്യം ലഭ്യമാക്കുന്ന ബാങ്കുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>പ്രവാസി ചിട്ടിക്ക് വേണ്ടി സി-ഡിറ്റിന് കെ.എസ്.എഫ്.ഇ ഇതു വരെ എത്ര കോടി രൂപ നൽകി; ഏതൊക്കെ ഇനങ്ങളിലാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?</td><td>(ഡി)</td><td>8.50 കോടി രൂപ പ്രവാസി ചിട്ടിയ്ക്കു വേണ്ടി സി-ഡിറ്റിൽ KSFE നൽകിയിട്ടുണ്ട്.
<table>
<tr><th>ഇനം</th><th>തുക കോടിയിൽ</th></tr>
<tr><td>കോൺടാക്റ്റ് സെന്റർ (സോഫ്റ്റ് വെയർ, ഹാർഡ് വെയർ & സ്റ്റാഫ് )</td><td>1.49</td></tr>
<tr><td>ഡി .ഡി .എം .എസ് സോഫ്റ്റ് വെയർ</td><td>1.1</td></tr>
<tr><td>പ്രൊജക്റ്റ് സ്റ്റാഫ് കോസ്റ്റ്</td><td>0.22</td></tr>
<tr><td>മൊബൈൽ ആപ്പ്</td><td>0.05</td></tr>
<tr><td>കോൺടാക്റ്റ് സെന്റർ സിവിൽ</td><td>1.34</td></tr>
<tr><td>മീഡിയ പ്ലാൻ</td><td>4.3</td></tr>
<tr><td>ആകെ</td><td>8.5</td></tr>
</table>
</td></tr>
</table>

**സെക്ഷൻ ഓഫീസർ**